LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ

145 [2578] ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജി. കാർത്തികേയൻ :
,, എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ നിലവിൽ വന്ന് ആദ്യത്തെ 100 ദിവസത്തിനുള്ളിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈവശരേഖ നല്കി;

(ബി) എത്ര വീടുകൾക്ക് നമ്പരും റേഷൻ കാർഡും കൊടുത്തു;

(സി) എത്ര വീടുകളിൽ വൈദ്യുതിയെത്തിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 5247 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക്.

(ബി) 912 വീടുകൾക്ക് നമ്പറും 507 പേർക്ക് റേഷൻ കാർഡും നല്കിയിട്ടുണ്ട്.

(സി) 508 വീടുകളിൽ.

മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാൻ സഹായം

146 [2579] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ നല്കുവാൻ എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ഓഫ് സീസണിലും മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് എല്ലാ സമയത്തും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് എന്തെല്ലാം സഹായങ്ങൾ നല്കുന്നുണ്ട്;

(സി) ഈ മന്ത്രിസഭ നിലവിൽ വന്നശേഷം എത്ര മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാൻ സഹായം നല്കി?

ഉത്തരം

(എ) ഉണ്ട്.

പദ്ധതി 1— എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി. ഇതിനായി 200 ലക്ഷം രൂപയുടെ ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി വനിതകൾക്ക് ഈ പദ്ധതി പ്രകാരം 5% പ്രതിവർഷ പലിശ നിരക്കിൽ പ്രവർത്തന മൂലധനവായ്പ വിതരണം ചെയ്തുവരുന്നു.